**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1495** **19-01-2021 - ൽ മറുപടിയ്ക്ക്**

**കാർഷികമേഖലയിലെ ഇടപെടലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി .ഡി. സതീശൻ | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാർഷികമേഖല കഴിഞ്ഞ കുറെ വർഷങ്ങളായി തകർച്ചയിലാണെന്നത് വസ്തുതയാണോ; എങ്കിൽ അതിനുള്ള പ്രധാനകാരണങ്ങൾ എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് കാർഷിക മേഖല തകർച്ചയിലാണെന്നത് വസ്തുതയല്ല. കഴിഞ്ഞ സർക്കാരുമായി തുലനം ചെയ്യുമ്പോൾ കഴിഞ്ഞ 5 വർഷക്കാലം കാർഷികമേഖലയ്ക്ക് പുത്തൻ ഉണർവ്വ് പകർന്ന കാലഘട്ടമാണ്. നെൽകൃഷിയുടെ വിസ്തൃതി 196870 ഹെക്ടറിൽ നിന്നും 231000 ഹെക്ടറിലേയ്ക്ക് വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു. പച്ചക്കറിയുടെ ഉല്പാദനം 6.28 ലക്ഷം മെട്രിക് ടണ്ണിൽ നിന്നും 15 ലക്ഷം മെട്രിക് ടണ്ണിലേയ്ക്ക് വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു. 2018ലും 2019ലും ഉണ്ടായ പ്രളയവും വെള്ളപ്പൊക്കവും കാരണം പതിനായിരക്കണക്കിന് ഹെക്ടർ നെൽകൃഷി നശിച്ചിട്ടും, 'പുനർജ്ജനി' പരിപാടിയിലൂടെ നടത്തിയ സമഗ്രമായ ശ്രമങ്ങളിലൂടെ ശക്തമായ തിരിച്ചുവരവ് നടത്തുകയും മൊത്തം 2 ലക്ഷം ഹെക്ടർ നെൽകൃഷി നടത്തുകയും ചെയ്തു. ആയതിലൂടെ 6 ലക്ഷത്തിലധികം മെട്രിക് ടൺ നെല്ല് ഉൽപാദിപ്പിക്കുവാൻ സാധിച്ചു. 'ജീവനി-നമ്മുടെ കൃഷി നമ്മുടെ ആരോഗ്യം' പദ്ധതിയിലൂടെ സംസ്ഥാനത്ത് പച്ചക്കറി കൃഷിയിൽ പുത്തൻ ഉണർവ്വ് നൽകി. പച്ചക്കറിയുടെ വിസ്തീർണ്ണം 52829.99 ഹെക്ടറിൽ നിന്നും 96313.17 ഹെക്ടറായും ഉല്പാദനം 7.25 ലക്ഷം മെട്രിക് ടണ്ണിൽ നിന്നും 14.93 ലക്ഷം മെട്രിക് ടൺ ആയും വർദ്ധിച്ചു. കോവിഡ് കാലത്തു നേരിട്ട പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ടി 'സുഭിക്ഷ കേരളം' പദ്ധതിയും കാർഷിക മേഖലയ്ക്ക് മികച്ച പിന്തുണ നൽകി. |
| (ബി) | ഈ തകർച്ചയിൽ നിന്നും കാർഷികമേഖലയെ കൈപിടിച്ച് ഉയർത്തുവാൻ സർക്കാർ നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയാണ്; | (ബി) | പ്രളയംമൂലം കേരളത്തിലെ കാർഷിക മേഖലയ്ക്ക് കനത്ത നാശനഷ്ടമാണ് ഉണ്ടായിട്ടുള്ളത്. വിവിധ വിളകൾക്കുണ്ടായ നാശനഷ്ടത്തോടൊപ്പം ആസ്തികൾക്കും സർക്കാർ ഫാമുകൾക്കും നാശനഷ്ടമുണ്ടായി. കൂടാതെ മണ്ണിന്റെ ഘടനയിൽ വ്യത്യാസം സംഭവിച്ചതോടൊപ്പം ധാരാളം കർഷകർക്ക് കൃഷിഭൂമിതന്നെ നഷ്ടമാകുന്ന |

| | | | |
|---|---|---|---|
| | | | സ്ഥിതിയുമുണ്ടായി. കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി വിവിധ പ്രവർത്തനങ്ങളാണ് കൃഷിവകുപ്പ് നടത്തിയത്. ജില്ലകളിൽ 'പുനർജ്ജനി' എന്ന പേരിൽ കാർഷികമേഖലയുടെ പുന:സൃഷ്ടിയ്ക്കായി, അടിയന്തിര പ്രാധാന്യമുള്ള പ്രവർത്തികൾ നടപ്പിലാക്കി. മഹാപ്രളയത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് അർഹമായ നഷ്ടപരിഹാരം വിതരണം ചെയ്തു. ചെളി, മണ്ണ്, പാറ, മറ്റ് അവശിഷ്ടങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടൽമൂലം കൃഷി ഭൂമി നഷ്ടപ്പെട്ടവർക്കും നഷ്ടപരിഹാരം നൽകി. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് അടിയന്തിരമായി ഇൻഷ്വറൻസ് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചു. പുനർജ്ജനി പരിപാടിയിലൂടെ നടത്തിയ സമഗ്രമായ ശ്രമങ്ങളിലൂടെ ശക്തമായ തിരിച്ചുവരവ് നടത്തുകയും മൊത്തം 2 ലക്ഷം ഹെക്ടർ നെൽകൃഷി നടത്തുകയും ചെയ്തു. ആയതിലൂടെ 6 ലക്ഷത്തിലധികം മെട്രിക് ടൺ നെല്ല് ഉൽപാദിപ്പിക്കുവാൻ സാധിച്ചു. കർഷകർക്ക് കൃഷി ചെയ്യുന്നതിന് സഹായമായി വിത്തുകളും, പച്ചക്കറി തൈകളും മറ്റ് നടീൽ വസ്തുക്കളും സൗജന്യമായി നൽകി. കൃഷിയിടങ്ങളിൽ മണ്ണ് പരിപോഷണത്തിന്റെ ഭാഗമായി കുമ്മായം പോലുള്ള വസ്തുക്കൾ ചേർക്കുന്നതിന് കർഷർക്ക് സഹായം നൽകി. ഇതിനു പുറമെ പ്രകൃതി ദുരന്തങ്ങൾ മൂലം നാശനഷ്ടം നേരിട്ട ആസ്തികൾ, ഭാവിയിൽ ഉണ്ടാകാനിടയുള്ള ദുരന്തങ്ങളെ അതിജീവിക്കുന്ന വിധത്തിലുള്ള സാങ്കേതിക വിദ്യയിലൂന്നി സമയബന്ധിതമായി പുനർനിർമ്മിക്കുന്നതിനു 'റീബിൽഡ് കേരള ഇനിഷ്യേറ്റീവ്' എന്ന പദ്ധതി സംസ്ഥാനതലത്തിൽ നടപ്പിലാക്കിവരുന്നു. കൃഷി വകുപ്പിലും ഇതിന്റെ ഭാഗമായി പദ്ധതികൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. കോവിഡ് മഹാമാരി മൂലം ഭക്ഷ്യ ഉല്പാദന മേഖലയിൽ സ്വയംപര്യാപ്തതയുടെ ആവശ്യകത പൊതുവേ ബോധ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത ലക്ഷ്യത്തിനായി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ 'സുഭിക്ഷ കേരളം' ക്യാമ്പയിൻ കാർഷിക മേഖലയിൽ പുത്തൻ ഉണർവ്വാണ് ഉണ്ടാക്കിയിരിക്കുന്നത്. 19555 ഹെക്ടർ തരിശുഭൂമിയിൽ മാത്രം ഇതിന്റെ ഭാഗമായി പുതുതായി കൃഷിയിറക്കുകയുണ്ടായി. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളും ഇതിൽ പങ്കാളികളായി. |
| (സി) | ഇവമൂലം ഈ മേഖലയിൽ ഉണ്ടായ മാറ്റങ്ങൾ വിശദമാക്കുമോ? | (സി) | മേൽ പറഞ്ഞ ഇടപെടലുകളിലൂടെ കാർഷിക മേഖലയ്ക്ക് പുത്തൻ ഉണർവ്വ് നൽകുവാൻ സാധിച്ചു. കൃഷി വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെ മറ്റു വകുപ്പുകളുടെയും |

| | | | |
|---|---|---|---|
| | | | സമഗ്ര ഇടപെടലുകളിലൂടെ നടത്തി വരുന്ന സുഭിക്ഷ കേരളം പദ്ധതിയിലൂടെ ഭക്ഷ്യ സ്വയംപര്യാപ്തതയിലേയ്ക്ക് നീങ്ങുവാനുള്ള ശ്രമത്തിലാണ് നമ്മുടെ സംസ്ഥാനം. കൂടാതെ സംസ്ഥാനത്തെ കർഷകർക്ക് സഹായകരമാകുന്ന വിവിധ പദ്ധതികളിലൂടെ കർഷകരിൽ ആത്മവിശ്വാസം വർദ്ധിപ്പിച്ച് അവരുടെ നഷ്ടപ്പെട്ട മനോധൈര്യം വീണ്ടെടുക്കുവാൻ സാധിച്ചു. |

സെക്ഷൻ ഓഫീസർ